"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫോറങ്ങൾ തുടങ്ങിയവ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നോഡൽ ഓഫീസറെ നിയോഗിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(പിഎസ്) വകുപ്പ്**

സ.ഉ.(സാധാ) നം.957/2024/AGRI തീയതി,തിരുവനന്തപുരം, 09-10-2024

---

പരാമർശം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23/09/2024 ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്

**ഉത്തരവ്**

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനായി പരിഭാഷാ സെൽ രൂപവൽക്കരിച്ചിട്ടില്ലാത്ത വകുപ്പുകൾ അടിയന്തരമായി പരിഭാഷ സെൽ രൂപവൽക്കരിക്കണമെന്നും പരിഭാഷ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കണമെന്നും പരാമർശത്തിലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട രേഖകൾ- (കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫോറങ്ങൾ തുടങ്ങിയവ) മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനും ഭരണവകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ വരുന്ന വകുപ്പുകളിൽ രൂപീകരിക്കപ്പെടുന്ന പരിഭാഷ സെല്ലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി കൃഷി വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. കെ. മനോജ് കുമാർ -നെ (പെൻ.നം. 100812, മൊബൈൽ നം. 9496150015, ഇ-മെയിൽ: manojk100812@gmail.com) നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

മേൽ ഓഫീസർ പ്രസ്തുത തസ്തികയിൽ നിന്ന് മാറുമ്പോൾ പകരം നിയമനം ലഭിക്കുന്ന ഓഫീസർ നോഡൽ ഓഫീസറുടെ ചുമതല വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല
കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും
കൃഷി വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാരുടെ-
പി.എ. യ്ക്ക്
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ